പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2415 **27-10-2026-ൽ മറുപടിയ്ക്ക്**

സൗരോർജ്ജ നയം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. വിഷ്ണു മോഹൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

(എ) സോളാർ ഉത്പാദകർ ഗ്രിഡിലേക്ക് നൽകുന്ന വൈദ്യുതിയുടെ നിരക്കിലും സെല്ലിംഗ് വ്യവസ്ഥകളിലും ഉപഭോക്താക്കൾക്ക് നഷ്ടം വരാത്ത വിധം സുസ്ഥിരമായ ഒരു സോളാർ നയം നടപ്പിലാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

മറുപടി: സോളാർ ഉല്പാദകർ ഗ്രിഡിലേക്ക് നൽകുന്ന വൈദ്യുതിയുടെ നിരക്കും സെല്ലിങ് വ്യവസ്ഥകളും നിശ്ചയിക്കുന്നതിനുള്ള അധികാരം കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനാണ്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് വിവിധ സ്രോതസ്സുകളിൽ നിന്ന് വൈദ്യുതി വാങ്ങുന്ന ശരാശരി ചെലവ് കണക്കാക്കിയാണ്, റെഗുലേറ്ററി കമ്മീഷൻ പ്രസ്തുത നിരക്ക് നിശ്ചയിക്കുന്നത്.

(ബി) സംസ്ഥാനത്ത് സൗരോർജ്ജ ഉത്പാദനം വൻതോതിൽ വർദ്ധിപ്പിക്കുന്നതിനും കെ.എസ്.ഇ.ബി.യുടെ വലിയ നിക്ഷേപ ഭാരം കുറയ്ക്കുന്നതിനുമായി ജനകീയ പങ്കാളിത്തത്തോടെയുള്ള പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

മറുപടി: സംസ്ഥാനത്തു സൗരോർജ്ജ ഉത്പാദനം വർധിപ്പിക്കുന്നതിനായി Tariff Based Competetive Bidding (TBCB) വ്യവസ്ഥയിലുള്ള സോളാർ പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു.

(സി) ഉയർന്ന ട്രാൻസ്ഫോർമർ ശേഷിയില്ലെന്ന കാരണം പറഞ്ഞ് പല പ്രദേശങ്ങളിലും പുതിയ സോളാർ കണക്ഷനുകൾ ലഭിക്കുന്നതിന് തടസ്സം നേരിടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിനായി ഗ്രിഡ് ആധുനികവത്ക്കരിക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

വിതരണ ട്രാൻസ്ഫോർമറിന്റെ ആകെ ശേഷിയുടെ 90% ആണ് renewable energy integration സാധ്യമാകുന്നത്. സംസ്ഥാനത്ത് വീടുകളിലും സ്ഥാപനങ്ങളിലും സോളാർ വൈദ്യുതി ഉൽപ്പാദനം വർധിച്ചതിനാൽ നിലവിൽ ആകെയുള്ള ട്രാൻസ്ഫോർമറുകളുടെ ഏകദേശം 1.20% ട്രാൻസ്ഫോർമറുകൾ (1084 എണ്ണം) 90% Solar threshold ൽ എത്തിയതായി കണ്ടെത്തിയിട്ടുണ്ട്.

സംസ്ഥാനത്ത് വീടുകളിലും സ്ഥാപനങ്ങളിലും സോളാർ വൈദ്യുതി ഉൽപ്പാദനം വർധിച്ചുവരുന്ന സാഹചര്യം പരിഗണിച്ച്, കൂടുതൽ പുനരുപയോഗ ഊർജ സ്രോതസ്സുകളെ തടസ്സരഹിതമായി ഗ്രിഡുമായി സംയോജിപ്പിക്കുന്നതിനായി 2027-28 മുതൽ 2031-32 വരെയുള്ള കാലയളവിലേക്ക് പരിഗണനയിലുള്ള Distribution Capital Investment Plan ആയ ദ്യുതി 3.0-ൽ ആവശ്യമായ വിതരണ ശൃംഖലാ വികസനത്തിനും വിതരണ ട്രാൻസ്ഫോർമറുകളുടെ ശേഷിവർധനയ്ക്കും വ്യവസ്ഥ ചെയ്തിട്ടുണ്ട്. സോളാർ വൈദ്യുതി സംയോജനം മൂലം ശേഷിപരിധിയിലെത്തുന്ന Distribution Transformers കണ്ടെത്തി അവയുടെ ശേഷി വർധിപ്പിക്കുന്നതിനും ദ്യുതി-3.0 മാർഗ്ഗനിർദ്ദേശങ്ങളിൽ പ്രത്യേകമായി നിർദ്ദേശിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ